പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 166

# 2018-ലെ കേരള ശുചീകരണ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കൽ ബിൽ

(ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ. നോട്ടീസ് നൽകിയത്)

1472/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 166

# 2018-ലെ കേരള ശുചീകരണ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കൽ ബിൽ

(ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്ത് ശുചീകരണ മേഖലയിൽ ജോലി ചെയ്യുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നത് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് മതിയായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ വിവിധ തലത്തിൽ ശുചീകരണ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സുരക്ഷിതത്വവും തൊഴിലാളികളുടെയും കുടുംബത്തിന്റെയും സംരക്ഷണവും ഉറപ്പാക്കേണ്ടത് അത്യാവശ്യമായിരിക്കുന്നതിനാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമം നിർമ്മിക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—

(1) ഈ നിയമം– "2018-ലെ കേരള ശുചീകരണ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കൽ ആക്ട്" എന്ന പേരിൽ അറിയപ്പെടുന്നതാണ്.

(2) ഈ നിയമത്തിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) കേരള സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ബില്ലിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,

(1) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(2) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നാകുന്നു ;

(3) "വകുപ്പ്" എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു ;

(4) "വിജ്ഞാപനം" എന്നാൽ ഈ ആക്ട് പ്രകാരമുണ്ടാക്കിയ ചട്ടങ്ങൾ അനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(5) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

1472/2018.

(6) "ശുചീകരണ തൊഴിലാളി" എന്നാൽ സംസ്ഥാനത്തെ പൊതുസ്ഥലങ്ങൾ, അഴുക്കുചാലുകൾ, നീർചാലുകൾ എന്നിവിടങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്ന് അർത്ഥമാകുന്നു ;

(7) "പൊതുസ്ഥലങ്ങൾ" എന്നാൽ സർക്കാർ സ്ഥാപനങ്ങൾ, ആശുപത്രികൾ, വിദ്യാലയങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, പൊതുവഴികൾ, പൊതു ഉപയോഗത്തിലുള്ള മറ്റു സ്ഥലങ്ങൾ തുടങ്ങിയവ എന്ന് അർത്ഥമാകുന്നു.

3. വിദഗ്ദ്ധസമിതികളുടെ രൂപീകരണം.—

(1) ഈ ആക്ട് നിലവിൽ വന്നതിനുശേഷം സർക്കാർ വിജ്ഞാപനം വഴി സംസ്ഥാനത്തെ ഓരോ ജില്ലയിലും പ്രത്യേക വിദഗ്ദ്ധ സമിതികൾ രൂപീകരിക്കേണ്ടതാണ്;

(2) ഓരോ സമിതിയിലും ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കോർപ്പറേഷൻ മേയർ, മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർ, അവയുടെ സെക്രട്ടറിമാർ, ജീവനക്കാരുടെ പ്രതിനിധികൾ എന്നിവർ അംഗമായിരിക്കണം ;

(3) ജില്ലാ കളക്ടർ സമിതിയുടെ അദ്ധ്യക്ഷൻ ആയിരിക്കണം ;

(4) വിദഗ്ദ്ധ സമിതി ചെയർമാൻ എന്ന നിലയിൽ ജില്ലാ കളക്ടർ ആവശ്യമായ സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതും ചട്ടങ്ങൾ പ്രകാരമുള്ള സുരക്ഷിതത്വം ഉണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ് ;

(5) ആവശ്യമെന്ന് തോന്നുന്നപക്ഷം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രത്യേക സമിതികൾ രൂപീകരിക്കാവുന്നതും ബന്ധപ്പെട്ട സെക്രട്ടറിമാർ അതിന്റെ അദ്ധ്യക്ഷൻ ആയിരിക്കേണ്ടതുമാണ്;

(6) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള സമിതികൾ അവരുടെ അധികാര പരിധിയിലുള്ള വിഷയങ്ങൾ പരിഗണിക്കേണ്ടതും മറ്റുള്ളവ ജില്ലാതല സമിതിയുടെ പരിഗണനയ്ക്കായി ശുപാർശ ചെയ്യാവുന്നതുമാണ്.

4. വിദഗ്ദ്ധ സമിതികളുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിധേയമായി,—

(1) ജില്ലാതല സമിതികൾ ശുചീകരണ തൊഴിലാളികളുടെ ജോലിയുടെ സ്വഭാവത്തെയും അവരുടെ തൊഴിൽ സാഹചര്യത്തിൽ നിന്നും ഉണ്ടാകുന്നതും ഉണ്ടാകാൻ ഇടയുള്ളതുമായ പ്രത്യാഘാതങ്ങളെയും പ്രതിവിധികളെയും സംബന്ധിച്ച് പഠിക്കേണ്ടതും ;

(2) ആവശ്യമായ സുരക്ഷാ മുൻകരുതലുകളുടെ ഭാഗമായി പ്രതിരോധ കുത്തിവയ്പ്പുകൾ യഥാസമയം ഉറപ്പാക്കുകയും ;

(3) തൊഴിൽ സാഹചര്യങ്ങൾക്കനുസരിച്ച് സുരക്ഷിതമായ ഡ്രസ്സ് കോഡ് ഏർപ്പെടുത്തുകയും ;

(4) പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് കർശനമായി തടയുകയും ;

(5) ഉപസമിതികൾ യഥാസമയം യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാതല സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

5. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—

(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഇപ്രകാരമുള്ള ചട്ടങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞാലുടൻ അടുത്ത നിയമസഭാ സമ്മേളനത്തിൽ വയ്ക്കേണ്ടതും, നിയമസഭയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രസ്തുത ചട്ടം നിയമസഭ നിരാകരിച്ചാൽ നടപ്പിലാക്കാൻ പാടുള്ളതല്ല. സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം ഏൽപ്പിച്ചുകൊടുക്കുന്നതിനും അധിക ചുമതല നൽകുന്നതിനും അധികാരം ഉണ്ടായിരിക്കും.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കിയാൽ സർക്കാരിനു സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതാണ്. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിലവിൽ വിവിധ പദ്ധതികൾപ്രകാരം ചെലവഴിക്കുന്ന തുകയ്ക്ക് പുറമെ എത്ര ബാദ്ധ്യത ഉണ്ടാകുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും പ്രാരംഭ ചെലവുകൾക്ക് 50 ലക്ഷം രൂപ സഞ്ചിത നിധിയിൽനിന്നും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബില്ലിലെ വകുപ്പ് (5)-ലെ വ്യവസ്ഥ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ആയത് നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവും ഭരണപരമായ സ്വഭാവത്തോടുകൂടിയതുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമ നിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളം അതിവേഗം വികസിച്ചുവരുന്ന സംസ്ഥാനമാണ്. ജനസംഖ്യ കൂടുന്നതിനനുസരിച്ച് കുടുംബങ്ങളുണ്ടാകുന്നു. കുടുംബങ്ങൾക്ക് വീടു ഉണ്ടാകുന്നു. നഗരപ്രദേശങ്ങളിൽ പ്രത്യേകിച്ചും ജനസാന്ദ്രത വളരെ കൂടിവരുന്നു. ജനവാസം കൂടുന്നതിനനുസരിച്ച് മാലിന്യങ്ങളും കൂടുന്നു. നാഗരിക സംസ്കാരത്തിൽ കെട്ടിട സമുച്ചയങ്ങൾക്കായി പ്രകൃതിയെ ചൂഷണം ചെയ്യേണ്ടിവരുന്നു. ഫലം മാലിന്യ കൂമ്പാരങ്ങൾ പൊതുനിരത്തിൽ കൂടി വരുന്നു.

ആരോഗ്യമുള്ള സമൂഹത്തിന് ആരോഗ്യമുള്ള പരിസരം അത്യാവശ്യമാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ നമ്മുടെ സംസ്ഥാനത്ത് ഉൾപ്പെടെ മാലിന്യം നീക്കം ചെയ്യുന്നതിന് സുരക്ഷിതവും നൂതനവുമായ മാർഗ്ഗങ്ങൾ ഇപ്പോഴും നടപ്പിലായിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിൽ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം തൊഴിൽ ലഭിച്ചവരുടെയും തൊഴിലിനുള്ള അപേക്ഷകരുടെയും കണക്കുകൾ പ്രകാരം മരണപ്പെട്ടവർ ഏറെയും ശുചീകരണ വിഭാഗം തൊഴിലാളികളാണ് എന്നത് ഭയപ്പെടുത്തുന്ന വിവരമാണ്.

അപകട സാധ്യതയുള്ള തൊഴിൽ മേഖലകളിൽ നിർഭാഗ്യവശാൽ എന്തെങ്കിലും അപകടം ഉണ്ടായാൽ അത് ബന്ധപ്പെട്ട വ്യക്തികൾക്ക് മാത്രമായിരിക്കും. എന്നാൽ യാതൊരു മുൻകരുതലും സുരക്ഷാകവചങ്ങളും ഇല്ലാതെ ഡ്രെയിനേജിലും മാലിന്യ കൂമ്പാരത്തിലും പണി എടുക്കുന്നവരുടെ കാര്യത്തിൽ സ്ഥിതി മറ്റൊന്നാണ്. ശരീരത്തിൽ കടക്കുന്ന രോഗാണുക്കൾ വീട്ടിലെത്തി കുടുംബത്തെ ഒന്നാകെ രോഗികളാക്കുന്നു. ആധുനിക ശുചീകരണ ഉപകരണങ്ങൾ ലഭ്യമാക്കിയും കൈഉറകൾ, കവചിത വസ്ത്രങ്ങൾ, ഡ്രെയിനേജിലും മാൻഹോളിലും പണി എടുക്കുന്നവർക്ക് ഓക്സിജൻ സിലിണ്ടർ ഉൾപ്പെടെ ലഭ്യമാക്കി അവരുടെ തൊഴിൽ സാഹചര്യത്തേയും മെച്ചപ്പെടുത്തേണ്ടതുണ്ട്.

ജീവിക്കാനുള്ള അവകാശവും, സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങളും സന്തോഷമുള്ള ജനതയ്ക്ക് അത്യാവശ്യമാണ്. ഈ ലക്ഷ്യം പൂർത്തീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

എൽദോ എബ്രഹാം, എം. എൽ. എ.